# കുട്ടികൾക്കായുള്ള ബൈബിൾ

## അവതരണം



# യേശു പന്ത്രണ്ട് സഹായികളെ തിരഞ്ഞെടുക്കുന്നു


എഴുതിയത് : Edward Hughes
ഉദാഹരണം : Byron Unger; Lazarus
അംഗീകരിച്ചത് : Rev. Benny
തർജ്ജിമ ചെയുതത് : E. Frischbutter; Sarah S.


കഥ 39-60 നിന്നും


www.M1914.org

***Bible for Children,*** *PO Box 3, Winnipeg, MB R3C 2G1 Canada*



കോപ്പിചെയുവാനും മുദ്രണം ചെയുവാനും അധികാരം ഉണ്ട്.
ഒരിക്കലും വിൽക്കരുത്.


മലയാളം

Malayalam

യേശു അത്ഭുതങ്ങൾ ചെയ്തു. അവൻ രോഗികളെ സൗഖ്യമാക്കുകയും ഹൃദയത്തിലും മനസിലും വ്യാകുലപ്പെടുന്നവർക്ക് സമാധാനം നൽകുകയും ദൈവവചനം അവരെ പഠിപ്പിക്കുകയും ചെയ്തു.



1

സൗഖ്യത്തിനും സഹായത്തിനും വേണ്ടി മഹാപുരുഷാരം യേശുവിനു ചുറ്റും കൂടി.



2


തന്നെ പിമ്പറ്റിയിരിക്കുന്ന ധാരാളമാളുകളിൽനിന്ന്, ...
3
... ദൈവത്തിന്റെ പ്രവൃത്തിക്കുവേണ്ടി തന്നെ സഹായിക്കുന്നതിന് പന്ത്രണ്ടുപേരെ തിരഞ്ഞെടുക്കുവാൻ യേശു തീരുമാനിച്ചു.
4
നിങ്ങളും ചില പ്രധാനപ്പെട്ട കാര്യങ്ങൾ തിരഞ്ഞെടുക്കണമെങ്കിൽ നിങ്ങൾ ദൈവത്തോട് പ്രാർത്ഥിക്കുമോ? യേശു പ്രാർത്ഥിച്ചു.
5
ശാന്തമായ ഒരു മലമുകളിൽ കയറി യേശു സ്വർഗീയ പിതാവിനോട് പ്രാർത്ഥിച്ചു. സൂര്യൻ അസ്തമിക്കുന്നതുവരെയും യേശു പ്രാർത്ഥിച്ചുകൊണ്ടിരുന്നു.
6
യേശു രാത്രിമുഴുവനും പ്രാർത്ഥിച്ചു.
7
രാവിലെ, യേശു തന്റെ പിൻഗാമികളെയെല്ലാം– തന്നെ അനുസരിക്കുകയും ശുശ്രൂഷിക്കുകയും ചെയ്യുന്ന സകല മിത്രങ്ങളെയും വിളിച്ചുകൂട്ടി.
8


അവരിൽനിന്നും പ്രത്യേക
സഹായികളായി–അപ്പോസ്തലന്മാരായി
പന്ത്രണ്ടുപേരെ തിരഞ്ഞെടുത്തു.
9


യേശു ആദ്യം തിരഞ്ഞെടുത്ത രണ്ടുപേർ
സഹോദരന്മാരായിരുന്നു. ശിമോൻ പത്രോസും
അന്ത്രയോസും. യേശുവിനെ അനുഗമിക്കുവാൻ ആദ്യം
യേശു അവരെ വിളിച്ചപ്പോൾ തന്നെ അവർ തങ്ങളുടെ
മിൻപിടുത്തം ഉപേക്ഷിച്ചിരുന്നു.
10


സെബെദിയുടെ പുത്രന്മാരായ
യോഹന്നാനും യാക്കോബും
യേശുവിന്റെകൂടെ വരുവാൻ
തങ്ങളുടെ വല ഉപേക്ഷിച്ചു.
11


ഫിലിപ്പോസ്, ബർത്തലോമിയോ,
മത്തായി, തോമസ്, എരിവുകാരനായ
ശിമോൻ, അല്ഫായിയുടെ മകൻ
യാക്കോബ്, യാക്കോബിന്റെ
സഹോദരൻ
യൂദാ, ...
12


... ഒടുവിൽ കർത്താവിന്റെ
ശത്രുവായിത്തീർന്ന ഇസ്ക്കരിയോത്ത
യൂദാ എന്നിവരെയും യേശു
തിരഞ്ഞെടുത്തു.
13


താൻ പറയുന്നത് കേട്ട് അനുസരിക്കുന്നവനെല്ലാം ആഴത്തിൽ
അടിസ്ഥാനമിട്ട് വീട് പണിഞ്ഞവനോട്
തുല്യനാണെന്ന് യേശു
പഠിപ്പിച്ചു. കൊടുങ്കാറ്റ്
വന്നാൽ ആ വീട്
നശിച്ചുപോകയില്ല.
14


എന്നാൽ യേശുവിന്റെ വാക്ക് കേട്ട് അനുസരിക്കാത്തവൻ
മണലിൻമേൽ അടിസ്ഥാനമിട്ട് വീട് പണിഞ്ഞവന്
തുല്യനാണത്രേ. കൊടുങ്കാറ്റ് വന്നാൽ ആ വീട്
തരിപ്പണമായിപ്പോകും.
15


യേശുവിന്റെ ചില ഉപദേശങ്ങൾ വളരെ
സരളമല്ലായിരുന്നു. “ഒരുവൻ നിന്റെ
വലത്തെ ചെകിട്ടത്ത് അടിച്ചാൽ
ഇടത്തേതുംകൂടെ കാട്ടിക്കൊടുക്കണം,
നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ”
എന്നിങ്ങനെയാണ് യേശു
പഠിപ്പിച്ചത്.
16


യേശുവിനെപ്പോലെ ജീവിക്കുവാൻ
ദൈവത്തിന്റെ സഹായം
മനഷ്യർക്ക് ആവശ്യമാണ്.
17


പ്രാർത്ഥനയെക്കുറിച്ച് യേശു
ജനങ്ങളെ പഠിപ്പിച്ചത് ചില
മതനേതാക്കന്മാർ ചെയ്യുന്നതുപോലെ
മനുഷ്യരെ പ്രസാധിപ്പിക്കുവാനായിട്ടല്ല
രഹസ്യത്തിൽ പ്രാർത്ഥിക്കുവാനാണ്.
18


ദൈവത്തിൽ
ആശ്രയിക്കുന്നവർക്ക്
ഭക്ഷിക്കുവാനും ധരിക്കുവാനും
വേണ്ടത് ദൈവം കൊടുക്കുമെന്ന്
യേശു പറഞ്ഞു.
19


പക്ഷികൾക്ക് ഭക്ഷണം
നൽകുകയും പൂക്കൾക്ക്
വിവിധ നിറങ്ങൾ
കൊടുക്കുകയും
ചെയ്യുന്ന ദൈവം, ...
20













യേശു പന്ത്രണ്ട് സഹായികളെ
തിരഞ്ഞെടുക്കുന്നു

ദൈവവചനത്തിൽ നിന്നും ഒരു കഥ.

ബൈബിളിൽ നിന്നുംഎടുത്തത്.

മത്തായി 4-7, മർക്കൊസ് 1, ലൂക്കൊസ് 6

"നിങ്ങളുടെ പ്രവേശന വാക്ക് വെളിച്ചം പകരട്ടെ."
സങ്കിർത്തനം 119:130

നാം തെറ്റുകരെന്നു ദൈവം അറിയുന്നു അതിന് പാപംമെന്നു പറയുന്നു. പാപത്തിനുള്ള ശിക്ഷയാണ് മരണം.

ദൈവം നമ്മെ സ്നേഹിച്ചു അതിനാൽ തന്റെ മകനായ യേശുവിനെ നമ്മുടെ പാപങ്ങളുടെ പരിഹാരത്തിനായി ക്രൂശിൽ മരിക്കണ്ടതിനു ഈ ലോകത്തിലേക്ക് വന്ന യേശു മരിച്ച് ഉയിർത്തെഴുന്നേറ്റ സ്വർഗ്ഗത്തിലേക്ക് പോയി. ദൈവത്തിനു നമ്മുടെ പാപങ്ങളെ ക്ഷമിപ്പാൻ കഴിയും.

നമ്മുടെ പാപങ്ങള്ളിൽ നിന്ന് വിടുതൽ ആവശ്യമെങ്കിൽ ദൈവത്തോട് ഇപ്രകാരം പറയുക. പ്രിയ ദൈവമേ യേശുവേ എനിക്ക് വേണ്ടി മരിച്ചു ഇപ്പോൾ ജീവിക്കുന്നു എന്ന് ഞാൻ വിശ്വസിക്കുന്നു. എന്റെ ഹൃദയത്തിലേക്ക് വന്ന് എന്റെ പാപങ്ങളെ ക്ഷമിക്കേണം. എനിക്ക് പുതിയൊരു ജീവിതം നൽകേണമേ നിരന്തരം നിന്നോട് അടുത്ത് ജീവിക്കുവാനും നിന്റെ മകനായി ജീവിക്കുവാൻ സഹായിക്കേണമേ. ആമേൻ
യോഹന്നാൻ 3:16

എല്ലാദിവസവും ബൈബിൾ വായിക്കുകയും ദൈവത്തോട് സംസാരിക്കുകയും ചെയുക.